Draft #5 of File 43845/AD A1-1/2022/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 28-Apr-2022 10:42 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 43845/AD A1-1/2022/എ ഡി എ 1

തീയതി: 28.04.2022

പ്രിയദർശിനി ഹിൽസ്

**<u>സർക്കുലർ</u>**

വിഷയം:- സർവ്വകലാശാല ജീവനക്കാരിയെ വിജിലൻസ് അറസ്റ്റ് ചെയ്ത സംഭവം - സിൻഡിക്കേറ്റ് സമിതി റിപ്പോർട്ട് - തുടർ നടപടികൾ സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1. 22.01.2022 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൻറെ മിനിറ്റ്സ് ഇനം നം. 01/22.02

2. സർവ്വകലാശാലാ ഉത്തരവ് നം. 1906/AD A1/2022/എം.ജി.യു. തീയതി 22.02.2022.

3. 18.03.2022 തീയതിയിലെ രജിസ്ട്രാറുടെ രജി./2/32/2022 നമ്പർ കുറിപ്പ്..

സർവ്വകലാശാലാ പരീക്ഷാവിഭാഗത്തിലെ ഒരു ജീവനക്കാരിയെ വിജിലൻസ് വിഭാഗം അറസ്റ്റ് ചെയ്ത സംഭവത്തെത്തുടർന്ന് നിയമിതമായ സിൻഡിക്കേറ്റ് അംഗങ്ങൾ അടങ്ങിയ പരിശോധനാസമിതി 22.01.2022 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകളിൽ തുടർനടപടികൾ സ്വീകരിക്കുവാൻ സൂചന (1) പ്രകാരം വൈസ് ചാൻസലറെ ചുമതലപ്പെടുത്തുകയും, ആയത് സൂചന (2) പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു.

ടി ഉത്തരവിൻറെ അടിസ്ഥാനത്തിൽ ലഭിച്ചിട്ടുള്ള സൂചന (3) കുറിപ്പ് പരിഗണിച്ച്, സിൻഡിക്കേറ്റ് പരിശോധനാസമിതിയുടെ ശുപാർശകളിൽ താഴെ പരാമർശിക്കുന്ന നിർദ്ദേശങ്ങൾ വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊ വൈസ് ചാൻസലറുടെ അംഗീകാരത്തോടെ നടപ്പിൽ വരുത്തുന്നു.

- സർവ്വകലാശാലയിലെ സെക്ഷനുകൾ/ജീവനക്കാർ നിർവ്വഹിക്കേണ്ട ചുമതലകൾ നിലവിൽ വ്യക്തമായി നിർവ്വചിക്കപ്പെട്ടിട്ടുള്ളതാണ്. ആയത് നിയമാനുസൃതം നിർവ്വഹിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട മേലധികാരികൾ ഉറപ്പാക്കേണ്ടതാണ്.
- എല്ലാ സെക്ഷനുകളിലും സർവ്വകലാശാല ഉദ്യോഗസ്ഥരുടെ ഒരു മൂവ്മെന്റ് രജിസ്റ്റർ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. ഇത് പരിശോധിക്കാനുള്ള ചുമതല ബന്ധപ്പെട്ട സെക്ഷനുകളിലെ സൂപ്പർവൈസറി അധികാരമുള്ള ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമായിരിക്കും. ഓരോ

സെക്ഷനിലെയും പൊതുജനങ്ങളുമായും വിദ്യാർഥികളുമായുമുള്ള ഇടപെടലുകളും ഫോൺ സംഭാഷണങ്ങളും മാന്യവും നിയമപരവുമാണെന്നും അവ സെക്ഷനുകളുടെ ഉത്തരവാദിത്തത്തിൽപ്പെട്ടതാണെന്നും കുടിശിക കൂടാതെ സെക്ഷനുകൾ നിർവ്വഹിക്കേണ്ട ചുമതലകൾ നിർവഹിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ സെക്ഷനിൽ ലഭിക്കുന്നുണ്ടെന്നും ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ ഉറപ്പുവരുത്തേണ്ടതാണ്.

**രമേഷ് ആർ**

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. എല്ലാ സെക്ഷനുകൾ / സ്കൂളുകൾ / ഡിപ്പാർട്ട്മെൻറുകൾ
2. വൈസ് ചാൻസിലർ, പ്രൊ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ. മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/അക്കാമികം/പരീക്ഷ/ധനകാര്യം)
5. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ / ഐ.ടി. സെൽ/ഐ.ക്യു.എ.സി.
6. പി.ആർ.ഒ./യൂണിവേഴ്സിറ്റി വെബ്സൈറ്റ് /റെക്കോർഡ്സ്
7. സ്റ്റോക്ക് ഫയൽ/നോട്ടീസ് ബോർഡ്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #5 of File 43845/AD A1-1/2022/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 28-Apr-2022 10:42 AM - Page 2